മെന്റിനോട് പറയുന്നു. അങ്ങിനെ ചെയ്യണമെങ്കിൽ അതു ഗവൺമെന്റിൽനിന്നും നോട്ടീഫൈ ചെയ്യണം.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നേരെമറിച്ച് പർ രൂപയിൽ താഴെയുള്ള നികുതി എന്നു പറയരുതെ ?

മിസ്റ്റർ എം. ശിവരാമമേനോൻ: അങ്ങിനെയാണു ചെയ്യുന്നതു്. അല്ലെങ്കിൽ പൊവർട്ടി ഇല്ലാത്ത ആളുകൾക്കും റൈറോഫ് ചെയ്തുകൊടുക്കേണ്ടിവരും. ഇതൊക്കെക്കൂടാതെ കഴിക്കാനുള്ള വഴികൾ ധാരാളമുണ്ടു്.

GRAZING GROUNDS IN MATTANCHERI

240. മിസ്റ്റർ ബി. എം. പീററർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെന്റു ദയവായി മറുപടി പറയുമോ.—

(എ) മട്ടാഞ്ചേരി പട്ടണത്തിൽ കന്നുകാലികൾക്കു വല്ല മേച്ചിൽസ്ഥലങ്ങളും ഗവൺമെന്റു നൽകീട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ മേച്ചിൽസ്ഥലം ഉണ്ടാക്കിക്കൊടുക്കുന്നതുവരെയെങ്കിലും കന്നുകാലികളെ പൊതുസ്ഥലങ്ങളിൽ വിടുന്ന ഉടമസ്ഥന്മാരെ പ്രോസിക്യൂട്ടു് ചെയ്യുന്ന നിയമം നിറുത്തിവെക്കാൻ ദയവുണ്ടാകുമോ ?

മിസ്റ്റർ പി. വി. റാഫേൽ :

(എ) മേച്ചിൽസ്ഥലത്തിന്റെ കാര്യം ആലോചിച്ചുവരുന്നുണ്ടു്.

(ബി) നിവൃത്തിയില്ല.

മിസ്റ്റർ ബി. എം. പീററർ: എത്രകാലമായി ഈ ആലോചന തുടങ്ങീട്ടു് ?

മിസ്റ്റർ പി. വി. റാഫേൽ: അധികം കാലമായിട്ടില്ല. ഒരു കൊല്ലത്തോളമെ ആയിട്ടുള്ളു.

മിസ്റ്റർ വി. കെ. കുട്ടി: ഇതനുവദിച്ചിട്ടുള്ള സ്ഥലങ്ങൾ കൊച്ചി രാജ്യത്തു് എത്രയുണ്ടു് ?

മിസ്റ്റർ പി. വി. റാഫേൽ: പല സ്ഥലങ്ങളിലും അനുവദിച്ചിട്ടുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: എറണാകുളം ടൌണിൽ ഗവൺമെന്റു സഹായത്തോടുകൂടി വിലക്കെടുത്തിട്ടുള്ള ഗ്രേസിങ്ങ് ഗ്രൌണ്ടിന്റെ പണി ഇതേവരെ പൂർത്തിയായി കാണുന്നില്ല. പശുക്കളെ പുറത്തേക്കിറക്കുവാൻ കഴിയാതെ ജനങ്ങൾ കഷ്ടപ്പെടുന്നു. തൻമൂലം പലതും ചത്തുതുടങ്ങീട്ടുമുണ്ടു്.

മിസ്റ്റർ എ. വി. മൂത്തേടൻ.: ഇതൊക്കെ മുനിസിപ്പാലിറ്റിയല്ലെ ചെയ്യേണ്ടതു് ?

മിസ്റ്റർ വി. കെ. കുട്ടി: ഗവൺമെന്റു സഹായധനത്തോടുകൂടിയാണു് ഈ സ്ഥലം എടുത്തിട്ടുള്ളതു്. അതിനാൽ ഈ സംഗതിയിൽ ഗവൺമെന്റു നിർബ്ബന്ധിക്കണമെന്നാണു ഞാൻ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly